ഹയർ സെക്കന്ററി
വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ
തിരുവനന്തപുരം - 1

നം.ഇ.എക്സ്-II/1/7834/എച്ച്.എസ്സ്.ഇ/2014 തീയതി : 19/04/2014

# സർക്കുലർ

വിഷയം : എച്ച്.എസ്.ഇ - ഹയർ സെക്കന്ററി പരീക്ഷ മാർച്ച് 2014 - മൂല്യ നിർണ്ണയക്യാമ്പ് - ക്യാമ്പ് ഉദ്യോഗസ്ഥർ - ഹാജരാകുന്നത് - സംബന്ധിച്ച്.

സൂചന : നം.ഇ.എക്സ്-II/1/7834/എച്ച്.എസ്സ്.ഇ/2014 തീയതി 01.04.2014

2014 മാർച്ചിൽ നടന്ന ഹയർ സെക്കന്ററി പരീക്ഷകളുടെ മൂല്യനിർണ്ണയ ജോലികൾ ഏപ്രിൽ 8-ന് വൈകുന്നേരം നിർത്തിവച്ചത് ഏപ്രിൽ 21-ാം തീയതി പുനരാരംഭിക്കുന്നതാണ്. മൂല്യനിർണ്ണയ ജോലികൾ സമയബന്ധിതമായി തീർക്കേണ്ടതിനാൽ എല്ലാ അദ്ധ്യാപകരും, ഇതുവരെ മൂല്യനിർണ്ണയ ജോലികളിൽ നിന്നും വിട്ടുനിന്ന അദ്ധ്യാപകർ ഉൾപ്പെടെ മൂല്യനിർണ്ണയ ക്യാമ്പുകളിൽ അന്നേദിവസം മുതൽ ഹാജരാകേണ്ടതാണ്. അല്ലാത്ത പക്ഷം സൂചന സർക്കുലർ അനുസരിച്ചുള്ള ശമ്പളം തടഞ്ഞുവയ്ക്കുന്നതുൾപ്പെടെയുള്ള ശിക്ഷണനടപടികൾ കൈക്കൊള്ളുന്നതാണ്. അനധികൃതമായി മൂല്യനിർണ്ണയ ജോലികളിൽ നിന്നും വിട്ടുനിന്നതിന് ശിക്ഷണനടപടികൾ സ്വീകരിക്കുന്നതിന് മുന്നോടിയായി കാരണം കാണിക്കൽ നോട്ടീസ് ലഭിച്ചിട്ടുള്ള അദ്ധ്യാപകർ നിശ്ചിത ദിവസത്തിനകം വിശദീകരണം സമർപ്പിക്കുന്നില്ലെങ്കിൽ സൂചന സർക്കുലറിൽ പറയുന്ന നടപടികൾ മറ്റൊരറിയിപ്പില്ലാതെ സ്വീകരിക്കുന്നതാണ്.

സെക്രട്ടറി
ബോർഡ് ഓഫ് ഹയർ സെക്കന്ററി എക്സാമിനേഷൻസ്
&
ജോയിന്റ് ഡയറക്ടർ (പരീക്ഷാവിഭാഗം)